DESPATCHED
On.16/3/22...

11/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 314(7)/2015**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15695**/എസ്.ഐ.സി-ജി 6/2014)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ടി.മോഹൻദാസൻ,
തമ്പാത്ത് ഹൗസ്,
എരമംഗലം പി.ഒ.,
മലപ്പുറം ജില്ല, പിൻ – 679 587. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ
ഗുരുവായൂർ ദേവസ്വം,
ഗുരുവായൂർ.

2. അപ്പീൽ അധികാരി&
അഡ്മിനിസ്ട്രേറ്റർ,
ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി,
ഗുരുവായൂർ.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.07.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07.08.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11.08.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 18.08.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 01.10.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 09.10.2014 |
| ഹിയറിംഗ് നടന്ന തീയതി | 10.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. റ്റി.മോഹൻദാസൻ, 01.10.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 09.10.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.314(7)/15/SIC ആയി ഫയലിൽ സ്വീക രിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 08.07.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ഗുരുവായൂർ ദേവസ്വത്തിൽ ഗവ.ആക്ട് നിലവിൽ വന്ന വർഷവും തീയതിയും

2) ഗുരുവായൂർ ദേവസ്വം ഗവൺമെന്റ് ഏറ്റെടുത്ത ദിവസം എത്ര സ്ഥിരം ജീവനക്കാർ ഉണ്ടായിരുന്നുവെന്നും

3) 01.08.1983നു ദേവസ്വം മൊത്തം ശമ്പളം സ്ഥിരം ജീവനക്കാർക്ക് ചിലവ് എത്ര രൂപയെന്നും

4) 1.1.2013വരെ എത്ര സ്ഥിരം തസ്തിക ദേവസ്വത്തിൽ ഉണ്ടെന്നും

5) ഇപ്പോൾ ദേവസ്വത്തിൽ എത്ര സ്ഥിരം ക്ലാസ്സ് ഫോർ തസ്തിക ഉണ്ടെന്നും ഇതിൽ എത്ര സ്ഥിരം ക്ലാസ്സ് ഫോർ ജീവനക്കാർ ഉണ്ടെന്നും തുടങ്ങി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 07.08.2014ന് നൽകിയ മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 18.08.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയും ആയതിന് എസ്.പി.ഐ.ഒ. നൽകിയ മറുപടിയും പരിശോധി

ച്ചതിൽ ടിയാന്റെ അപേക്ഷയിൽ 1 മുതൽ 12വരെ ചോദ്യങ്ങളും ഉപചോദ്യങ്ങളും ഉൾപ്പെട്ടിരുന്നുവെന്നും ഇവയിൽ 2, 3, 9 എന്നിവയ്ക്ക് 07.08.2014ന് നൽകിയ മറുപടിയിലാണ് അതൃപ്തി രേഖപ്പെടുത്തി അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നവയ്ക്ക് ദേവസ്വത്തിലെ ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും ലഭ്യമായ രേഖകൾ ശേഖരിച്ച് മറുപടി നൽകിയാതായാണ് കാണുന്നതെന്നുമാണ്. കൂടാതെ സെക്ഷൻ 2(എഫ്) പ്രകാരമുള്ള നിർവ്വചനത്തിൽ ഉൾപ്പെടുന്ന വിധം ഏതെങ്കിലും രൂപത്തിൽ ഒരു പൊതു അധികാരിയുടെ കൈവശമിരിക്കുന്ന വിവരങ്ങളാണ് പ്രസ്തുത അധികാരിയുടെ ഓഫീസിലെ എസ്.പി.ഐ.ഒ.യിൽ നിന്നും ലഭ്യമാക്കുവാൻ സാധിക്കുക എന്നു നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിധത്തിൽ ചോദ്യങ്ങൾ ഉന്നയിക്കുകയും ആയതിന് ഉത്തരങ്ങൾ സ്വരൂപിച്ച് നൽകുകയും ചെയ്യുക എന്നത് വിവരാവകാശ നിയമപ്രകാരം വിഭാവനം ചെയ്യുന്ന ഒന്നല്ല എന്നു കാണുന്നു.ഒരു അപേക്ഷകന് പൊതു അധികാരിയുടെ കൈവശമുള്ള മേൽ നിർവചനപ്രകാരമുള്ള രേഖകളുടെ നേരിട്ടുള്ള പരിശോധനയോ പ്രസ്തുത വിവരങ്ങളുടെ പകർപ്പുകളോ നിയമം അനുശാസിക്കുന്ന രീതിയിലുള്ള ഫീസ് അടച്ച് കൈപ്പറ്റാവുന്നതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും ലഭ്യമായവ എസ്.പി.ഐ.ഒ. നൽകിയിട്ടുണ്ടെന്നും ടിയാന്റെ അപേക്ഷയിലെ ചോദ്യങ്ങളിൽ സ്പഷ്ടീകരണം നൽകിയിട്ടുള്ളവയിൽ ലഭ്യമായ രേഖകളുടെ പകർപ്പുകളിൽ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നവ എസ്.പി.ഐ.ഒ. അനുവദിച്ച് നൽകേണ്ടതാണെന്ന് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ ടിയാന് ലഭിച്ചിട്ടില്ലെന്നും ടിയാന് സുതാര്യമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 2, 3 എന്നീ ഇനങ്ങൾ സംബന്ധിച്ച വിവര

ങ്ങൾ ലഭ്യമല്ലെന്നും ലഭ്യമായവ നൽകിയിട്ടുണ്ടെന്നുമുള്ള ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 11-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/